പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6586 — 21.11.2019 -ൽ മറുപടിയ്ക്ക്

## തൃത്താലയിൽ മിനി സിവിൽ സ്റ്റേഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.ടി.ബൽറാം : | | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | തൃത്താല നിയോജകമണ്ഡലത്തിൽ വിവിധ സ്ഥലങ്ങളിലായി പ്രവർത്തിക്കുന്ന സർക്കാർ ആഫീസുകൾ ഒരു കടക്കീഴിൽ കൊണ്ടുവരുന്നതിനുവേണ്ടി തൃത്താലയിൽ ഒരു മിനി സിവിൽ സ്റ്റേഷൻ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | തൃത്താല മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനുവേണ്ടി പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ ഉള്ളതും പട്ടാമ്പി താലൂക്കിൽ തൃത്താല വില്ലേജിൽ സർവെ നം.2/1 ൽപ്പെട്ടതുമായ 12.14 ആർ ഭൂമിയാണ് തീരുമാനിച്ചിട്ടുള്ളത്. ടി ഭൂമി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി കൈമാറുന്നതിന് പൊതുമരാമത്ത് വകുപ്പ് സമ്മതമല്ലെന്ന് അറിയിച്ചതിനെ തുടർന്ന് രജിസ്ട്രേഷൻ വകുപ്പിന്റെ അധീനതയിലുള്ള ഭൂമി ലഭ്യമാണോയെന്നതു സംബന്ധിച്ചുള്ള വിവരം പട്ടാമ്പി തഹസീൽദാരിൽ നിന്നും ലഭ്യമാക്കി വരുന്നു. |
| (ബി) | 2018-19, 2019-20 ബഡ്ജറ്റുകളിൽ തൃത്താല മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് പ്രൊപ്പോസലുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഇതിനായി ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമടങ്ങുന്ന ഒരു യോഗം വിളിച്ചു ചേർത്ത് തുടർനടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കാമോ? | (സി) | പരിശോധിക്കാവുന്നതാണ് |

സെക്ഷൻ ഓഫീസർ